# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4175 — 26/06/2013 ൽ മറുപടിയ്ക്ക്

## 9, 10 ക്ലാസ്സുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക സ്കോളർഷിപ്പ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. കെ. മുരളീധരൻ | | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) | |
| (എ) | 9, 10 ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പുതുതായി ഏർപ്പെടുത്തിയ പ്രത്യേക സ്കോളർഷിപ്പ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 9, 10 ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര സഹായത്തോടെ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയ്ക്ക് സ.ഉ (എം.എസ്)നം. 25/13/പജപവവിവ. തീയതി 22.03.2013 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. 29/05/2013 ൽ ടി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. DBTS മുഖേന അവരുടെ ആധാർ ലിങ്ക്ഡ് അക്കൗണ്ടിൽ സ്കോളർഷിപ്പ് തുക അനുവദിച്ച് പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | സെക്കന്ററി ക്ലാസ്സുകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് നിയന്ത്രിയ്ക്കുന്നതിന് 9, 10 ക്ലസ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് സഹായമെന്ന നിലയിലാണ് പ്രസ്തുത സ്കോളർഷിപ്പ് അനുവദിക്കുന്നത്. |
| (സി) | എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിന് ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) | ഈ പദ്ധതി പ്രകാരം 9, 10 ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് |

| | | | |
|---|---|---|---|
| | | | പ്രതിമാസം 150/- രൂപ day scholars നും 350/- രൂപ hostellers നും അനുവദിക്കുന്നു. കൂടാതെ പ്രതിവർഷം ബുക്കിനും അഡ്ഹോക്ക് ഗ്രാന്റായും day scholars ന് 750/- രൂപയും hostellers ന് 1000/- രൂപയും അനുവദിക്കുന്നു. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | ടി പദ്ധതി പ്രകാരം 2012-13 വർഷം 104644 വിദ്യാർത്ഥികൾ ഉള്ളതിൽ ഇതുവരെ 82000 വിദ്യാർത്ഥികളുടെ ഡേറ്റാ എൻട്രി അക്ഷയകേന്ദ്രം വഴി ചെയ്തു കഴിഞ്ഞു. ഇതിൽ 41000 വിദ്യാർത്ഥികളുടെ വിവരം SCDO മാർ പരിശോധിച്ച് കഴിഞ്ഞു. 29/05/2013 ൽ നടന്ന ടി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ DBTS മുഖേന ആധാർ ലിങ്ക്ഡ് അക്കൗണ്ടിലേയ്ക്ക് തുക അനുവദിച്ച് പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. മുഴുവൻ വിദ്യാർത്ഥികൾക്കും ജൂലൈ 31 നകം DBTS മുഖേന തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ